# കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കാന്റീൻ, ഹോസ്റ്റലുകൾ, ക്ലാസ്മുറികൾ, സർവകലാശാലാ ഓഫീസ്, ലൈബ്രറി, കാമ്പസ് പരിസരം എന്നിവിടങ്ങളിൽ വിദ്യാർഥികളും അധ്യാപക/അനധ്യാപക ജീവനക്കാരും പാലിക്കേണ്ട കോവിഡ്-19 മാനദണ്ഡങ്ങൾ

സർവകലാശാലയിൽ അവധിക്കാല സ്പെഷ്യൽ ക്ലാസുകൾ നടന്നുവരികയാണ്. രണ്ടാം ഘട്ട കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ, കോവിഡ്-19 മാനദണ്ഡങ്ങൾ പാലിക്കാതെ കാമ്പസിൽ പ്രവേശിക്കുന്നത് പൊതുജനാരോഗ്യത്തിന് ഹാനികരമായിരിക്കുമെന്നതിനാൽ അധ്യാപക/അനധ്യാപക ജീവനക്കാർ, വിദ്യാർത്ഥികൾ, സന്ദർശകർ തുടങ്ങിയവർ കോവിഡ്-19 ന്റെ അപകടസാധ്യത കുറയ്ക്കുന്നതിന് താഴെ പറയുന്ന പൊതുജനാരോഗ്യനടപടികൾ കർശനമായും പാലിക്കേണ്ടതാണ്.

1. തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം അകത്തു പ്രവേശിക്കുക.
2. സാധ്യമായിടത്തോളം രണ്ട് മീറ്റർ എങ്കിലും ശാരീരിക അകലം പാലിക്കണം.
3. ഫേസ് കവറുകൾ / മാസ്കുകൾ നിർബന്ധിതമായി ഉപയോഗിക്കുക.
4. സോപ്പ് ഉപയോഗിച്ച് കൈകൾ (കുറഞ്ഞത് 40-60 സെക്കൻഡ് വരെ) പതിവായി കഴുകുക..
5. ശ്വസനമര്യാദകൾ കർശനമായി പാലിക്കണം. ചുമ/തുമ്മൽ സമയത്ത് ഒരു ടിഷ്യു/ തൂവാല/ഉപയോഗിച്ച് വായയും മൂക്കും ശരിയായി മൂടുക.
6. എല്ലാവരും ആരോഗ്യം സ്വയം നിരീക്ഷിക്കുക. ഏതെങ്കിലും രോഗലക്ഷണം കണ്ടാൽ എത്രയും വേഗം റിപ്പോർട്ട് ചെയ്യുക.
7. പൊതുസ്ഥലത്ത് തുപ്പുന്നത് ശിക്ഷാർഹമാണ്.
8. ഡസ്റ്റ്ബിനുകൾ ഉപയോഗശേഷം ശരിയായും വൃത്തിയായും മൂടണം.
9. ഉപയോഗിച്ച ഫെയ്സ്മാസ്കുകൾ, വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ, കൈയ്യുറകൾ, അവയുടെ ഡിസ്പോസലുകൾ എന്നിവ ശേഖരിക്കുന്നതിനുള്ള ഡസ്റ്റ്ബിന്നുകളിൽ കോവിഡ് സുരക്ഷാ മാനദണ്ഡമനുസരിച്ച് സൂക്ഷിക്കണം.
10. **സർക്കാർ നിർദ്ദേശിക്കുന്ന കോവിഡ് 19 പ്രോട്ടോക്കോൾ ലംഘിക്കുന്നവർക്കെതിരെ അവരെ ഹോസ്റ്റലിൽ നിന്ന്/ കാമ്പസിൽ നിന്ന് പുറത്താക്കുന്നതുൾപ്പടെയുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.**
11. കോവിഡ് 19 പ്രോട്ടോക്കോൾ സംബന്ധിച്ച് സുരക്ഷാ ഉദ്യോഗസ്ഥരുടെ അനുമതി കൂടാതെ കാമ്പസിൽ പ്രവേശിക്കാനോ പുറത്തുപോകാനോ പാടില്ല.
12. കാമ്പസിൽ കോവിഡ് 19 പ്രോട്ടോക്കോൾ ലംഘിച്ച് കൂട്ടംകൂടുന്നത് നിർബന്ധമായും ഒഴിവാക്കണം.

തിരൂർ
മലപ്പുറം

19/04/2021

**രജിസ്ട്രാർ**